# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 5**

---

## ബി.എഡ് പ്രവേശനം; സപ്ലിമെന്ററി അലോട്ട്മെന്റിന് ഇപ്പോൾ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബി.എഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്ട്മെന്റിന് ഓഗസ്റ്റ് എട്ടിന് വൈകുന്നേരം നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

cap.mgu.ac.in എന്ന വൈബ്സൈറ്റ് മുഖേനയാണ് അപേക്ഷ നൽകേണ്ടത്. ഇതുവരെ അപേക്ഷ നൽകാത്തവർക്കും ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ലഭിച്ച അലോട്ട്മെന്റ് റദ്ദായവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം.

സപ്ലിമെൻററി അലോട്ട്മെന്റിന് അപേക്ഷിക്കുന്ന എല്ലാവരും ഓപ്ഷനുകൾ പുതിയതായി നൽകണം. ഓൺലൈൻ അപേക്ഷയിൽ തെറ്റു വരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകം ഫീസ് അടയ്ക്കാതെ തന്നെ പുതിയതായി ഓപ്ഷൻ നൽകി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം.

മാനേജ്മെന്റ്, കമ്യൂണിറ്റി മെറിറ്റ് ക്വാട്ടകളിലെ പ്രവേശനത്തിനുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ നിലവിലെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് cap.mgu.ac.in ൽ ലോഗിൻ ചെയ്യണം. നേരത്തെ നൽകിയ അപേക്ഷയിൽ തിരുത്തുലുകൾ വരുത്തുകയും പുതിയതായി ഓപ്ഷനുകൾ

നൽകുകയും ചെയ്യാം.

ഓപ്ഷനുകൾ നൽകി അപേക്ഷ സേവ് ചെയ്ത് ഓൺലൈനിൽ സമർപ്പിക്കണം. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിൻറൗട്ടുകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ബി.എഡ് പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കുകയും സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം പ്രവേശനം എടുക്കേണ്ടിവരും. ഇവരുടെ മുൻ പ്രവേശനം റദ്ദാകും. അതുകൊണ്ടുതന്നെ സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെൻററി അലോട്ട്മെന്റിന് ഓപ്ഷനുകൾ നൽകുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തണം.

(പി.ആർ.ഒ/39/703/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംഎസ്സി, എം.ടെക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളി ലേക്ക് ഓഗസ്റ്റ് ഏഴിന് സ്പോട്ട് അഡ്മിഷൻ നടത്തും.

എംഎസ്സി ഫിസിക്സ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, എംഎസ്സി കെമിസ്ട്രി നാനോസയൻസ് ആന്റ് നാനോ ടെക്നോളജി പ്രോഗ്രാമുകളിൽ എസ്ഇബി സി വിഭാഗത്തിൽ ഒരു ഒഴിവു വീതമാണുള്ളത്. എംടെക് നാനോസയൻസ് ആന്റ് നാനോ ടെക്നോജി പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ എട്ടും എസ്ഇബിസി വിഭാഗ ത്തിൽ ഒന്നും ഒഴിവുകളുണ്ട്.

കണ്ണൂർ സർവകലാശാലയുമായി ചേർന്നു നടത്തുന്ന എംഎസ്സി ഫിസിക്സ് നാ നോസയൻസ് ആന്റ് നാനോ ടെക്നോളജി ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമിൽ ജന റൽ മെറിറ്റ്-2, എസ്ഇബിസി-1, ഒഇസി(എസ്ടി)-1 എന്നിങ്ങനെയും എംഎസ്സി കെമി സ്ട്രി നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാ മിൽ ജനറൽ മെറിറ്റ്-3, ഒഇസി(എസ്.സി)-2 ഒഇസി(എസ്.ടി)-1 എന്നിങ്ങനെയുമാണ് ഒ ഴിവുകൾ.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി എത്തണം.ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളുടെ സ്പോട്ട് അഡ്മിഷൻ ഉച്ചയ്ക്ക് 12 വരെയും മറ്റു പ്രോഗ്രാമുകളുടേത് 11.30 വരെയുമാണ്.

വിശദ വിവരങ്ങൾ snsnt.mgu.ac.inൽ ലഭിക്കും. ഫോൺ-9995108534, 918860623.

(പി.ആർ.ഒ/39/704/2024)

## പരീക്ഷാ ഫലം

ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം, ബിബിഎ, എൽഎൽബി(ഓണേഴ്സ് 2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഡബിൾ ഡിഗ്രി ബികാം (ഓണേഴ്സ് 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.......................

ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ, എൽഎൽബി (2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012,2013 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.......................

നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ സംസ്കൃതം സ്പെഷ്യൽ റിവൈസ്ഡ്, ന്യായ, സാഹിത്യ, വേദാന്ത, വ്യാകരണ (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/705/2024)

## പ്രാക്ടിക്കൽ

ഒന്നാം വർഷം മുതൽ നാലാം വർഷം വരെ ബിഎസ്സി എംഎൽടി (2015 ,2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008 മുതൽ

2013 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ് ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 12 ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ എം എസ്സി എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ് (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 14 ന് കാലടി ശ്രീശങ്കര കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.............................

രണ്ടാം സെമസ്റ്റർ ബിഎസ്സി പെട്രോകെമിക്കൽസ്(സിബിസിഎസ് പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒൻപതിന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..............................

ഒന്ന്, രണ്ട്, മൂന്ന് വർഷ ബിഎസ്സി മെഡിക്കൽ മൈക്രോബയോളജി(2008 മുതൽ 2014 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് എട്ടിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/706/2024)

## വൈവ വോസി

മൂന്നും നാലും സെമസ്റ്റർ എംഎ സോഷ്യോളജി (സിഎസ്എസ് 202 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി പ്രൈവറ്റ് രജിസ്ട്രേഷൻ മെയ് 2024) പരീക്ഷയുടെ വൈവാവോസി ഓഗസ്റ്റ് 13ന് നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആന്റ് ഹോസ്പിറ്റാലിറ്റി(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയുടെ ഹോസ്പിറ്റാലിറ്റി ഇന്റേൺഷിപ്പ് വൈവ വോസി പരീക്ഷ ഓഗസ്റ്റ് ഒൻപതിന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/707/2024)

## തിരുത്തലിനായി മാർക്ക് ലിസ്റ്റുകൾ സമർപ്പിക്കണം

പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസിൽ 2007 മുതൽ 2017 വരെ എംഫിൽ ഫിഷറി ബയോളജി ആന്റ് അക്വാ കൾച്ചർ എന്ന കോഴ്സ് പഠിച്ച വിദ്യാർഥികളുടെ ഒന്നും രണ്ടും സെമസ്റ്ററുകളിലെ മാർക്ക് ലിസ്റ്റിൽ തിരുത്തലുകൾ വരുത്തുന്നതിനായി പരീക്ഷാ ഭവനിലെ ഇ.എച്ച്-14 സെക്ഷനിൽ(റൂം നമ്പർ 219, ഫോൺ-0481 2733622) സമർപ്പിക്കണം.

(പി.ആർ.ഒ/39/708/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**